നം :- GH-KKD/49/2026-A5 തിയ്യതി :- 02-11-2026

ടെണ്ടർ നോട്ടീസ്

സർക്കാർ ജനറൽ ആശുപത്രി, കോഴിക്കോട് ജെ . എസ് . എസ് . കെ മാതൃയാനം പദ്ധതി പ്രകാരം ആശുപത്രിയിൽ പ്രസവം കഴിഞ്ഞ അമ്മാരെ വീടുകളിൽ എത്തിക്കുന്നതിനു ടാക്സി പെർമീറ്റുള്ള വാഹനം-5 എണ്ണം (ഏതെങ്കിലും തരത്തിലുള്ള 4 സീറ്റോടു കൂടിയ കാര്)ഒരു വർഷത്തേക്ക്(01/12/2026 മുതൽ) കരാർ അടിസ്ഥാനത്തിൽ ലഭ്യമാക്കുന്നതിലേക്കായി താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി പരിചയ സമ്പന്നരായ വാഹന ഉടമകളിൽ നിന്നും അംഗീകൃത ഏജൻസികളിൽ നിന്നും ദർഘാസ് ക്ഷണിച്ചു കൊള്ളുന്നു .

- അടങ്കൽ തുക :-400000/- രൂപ
- ടെണ്ടര് ഫോറത്തിന്റെ വില : 400/*+ GST
- ടെണ്ടർ ഫോറം പകർപ്പിന്റെ വില:200/- + GST
- ഇ എം ഡി തുക :- 4000/- രൂപ
- ടെണ്ടര് ഫോറം വില്പന ആരംഭിക്കുന്ന തിയ്യതി :-09/11/2026 രാവിലെ 11 മണി
- ടെണ്ടര് ഫോറം വില്പന അവസാനിക്കുന്ന തിയ്യതി :-24/11/2026 വൈകീട്ട് 4 മണി
- ടെണ്ടര് സമർപ്പിക്കൽ അവസാനിക്കുന്ന തിയ്യതി :- 25/11/2026 1 pm
- ടെണ്ടര് തുറക്കുന്ന തിയ്യതി :- 25/11/2026 3 pm

കരാർ വ്യവസ്ഥകൾ

1.കരാർ കാലാവധി ഒരു വർഷത്തേക്ക് (01/12/2026 മുതൽ 30/11/2027 വരെ)ആയിരിക്കും

2.വാഹനത്തിൽ 4 പേർക്ക് യാത്ര ചെയ്യാൻ സൗകര്യം ഉണ്ടായിരിക്കണം .

3.വാഹനത്തിന്റെ ആദ്യ രജിസ്ട്രേഷൻ 01/11/2016 ന് ശേഷമായിരിക്കണം.

4.വാഹനം ഡ്രൈവർ സഹിതം ആവശ്യപെടുന്നമുറക്ക് ആശുപത്രി ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.

5.ടെണ്ടറിനോടൊപ്പം വാഹനത്തിൻ്റെ രജിസ്ട്രേഷൻ, ഇൻഷുറൻസ്,ടാക്സ്, പെർമിറ്റ്,പാൻ കാർഡ്(സ്ഥാപനം/വ്യക്തി) തുടങ്ങി ആവശ്യമായ രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സമർപ്പിക്കേണ്ടതാണ് .

6.അപേക്ഷ നൽകുന്നയാൾ /സംഘടന മുഴുവൻ വാഹനങ്ങൾക്കും ടെണ്ടർ നൽകേണ്ടതാണ്

7.വാഹനത്തിൻറെ ഡ്രൈവർമാരെ വാഹന ഉടമ നിയമിക്കണം .ഡ്രൈവർക്ക് നിയമപ്രകാരം പ്രാബല്യമുള്ള ലൈസൻസ്, ബാഡ്ജ് എന്നിവയുണ്ടായിരിക്കണം. തുടർച്ചയായി ഡ്രൈവർമാരെ മാറ്റുന്നത് കരാർ റദ്ദ് ചെയ്യുന്നതിനിടയാക്കും.

8.വാഹനത്തിന്റെ ഡ്രൈവർക്ക് ഡ്രൈവിങ്ങിൽ നിപുണത ഉണ്ടെന്ന് ഉടമഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ നല്ല പെരുമാറ്റം കാഴ്ചവെക്കേണ്ടതുമാണ്. ഡ്രൈവറുടെ ഭാഗത്തുനിന്നും എന്തെകിലും തരത്തിലുള്ള വീഴ്ചയുണ്ടായാൽ ആ വാഹനത്തിന്റെ കരാർ റദ്ദ് ചെയ്യുന്നതാണ്.

9.ടാക്സ്, ഇന്ധനം, ഇൻഷുറൻസ് മെയ്ന്റ്റനൻസ് മുതലായ എല്ലാ ചിലവുകളും വാഹന ഉടമ വഹിക്കേണ്ടതാണ്.

10.വാഹനം സഞ്ചരിക്കുന്ന കിലോമീറ്ററിന് സർക്കാർ നിശ്ചയിച്ച മിനിമം ചാർജും, തുടർന്ന് വരുന്ന കിലോമീറ്ററിന് ടെൻഡർ പ്രകാരം അംഗീകരിക്കുന്ന ചാർജും മാത്രമേ നൽകുകയുള്ളൂ.

11.കരാറിൽ ഏർപ്പെട്ടിരിക്കുന്ന വാഹനത്തിൻ്റെ മുൻവശത്തും പിൻവശത്തും മാതൃയാനം, കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും സർക്കാർ ആശുപത്രി എന്ന്(നീല പ്രതലത്തിൽ വെളുത്ത അക്ഷരം) സ്ഥാപികേണ്ടതാണ്. ടി വാഹനങ്ങൾ കരാർ കാലയളവിൽ സേവനത്തിനു നിയോഗിക്കപ്പെട്ട സമയങ്ങളിൽ ഈ ബോർഡ് പ്രദർശിപ്പിക്കേണ്ടതാണ്. മാതൃയാനം പദ്ധതിക്ക് ആവശ്യമായ ജിപിഎസ് സംവിധാനം വാഹനത്തിൽ ലഭ്യമാകേണ്ടതാണ് .

12.വാഹനം അടച്ചുറപ്പുള്ളതാകണം . വാഹനത്തിൽ യാത്ര ചെയ്യുന്നവരുടെ സുരക്ഷകനുസരിച്ചു വാഹനത്തിൽ മാറ്റം വരുത്താവുന്നതാണ് .

13.യാത്രവേളയിൽ ഉണ്ടാകുന്ന എല്ലാ കഷ്ട്ടനഷ്ടങ്ങൾക്കും പൂർണ ഉത്തരവാദിത്വം വാഹന ഉടമക്കായ്ക്കിരിക്കും .
14.കരാർ ഉറപ്പിക്കുന്ന വാഹന ഉടമ/സ്ഥാപനം 200/-രൂപ മുദ്രപത്രത്തിൽ ഒരു കരാർ ഒപ്പ് വെക്കേണ്ടതും ടണ്ടർ തുകയുടെ 5% സെക്യൂരിറ്റി ഡെപ്പോസിറ്റായി അടക്കേണ്ടതുമാണ്. കോൺടാക്ടിൽ വീഴ്ചവരുത്തുന്ന പക്ഷം സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക സർക്കാരിലേക്ക് വസൂലാക്കുന്നതാണ് .

15.ആശുപത്രി സൂപ്രണ്ട് അംഗീകരിച്ചുള്ള കരാർ വ്യവസ്ഥകൾ, കരാർ തുക എന്നിവ കരാർ കാലയളവിൽ പാലിക്കപ്പെടേണ്ടതാണ്. അല്ലാത്തപക്ഷം നോട്ടീസ് കൂടാതെ കരാർ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം സൂപ്രണ്ടിനുണ്ടായിരിക്കും .

16.വാഹനത്തിന്റെ്റെ ലോഗ് ബുക്ക് ഡ്രൈവറുടെ കസ്റ്റഡിയിൽ സൂക്ഷികേണ്ടതും, ഓരോ യാത്രയും സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. ഓരോ ദിവസത്തെയും ബില്ലിനോടൊപ്പം ട്രിപ്ഷീറ്റ് നൽകേണ്ടതാണ്. അഡ്വാൻസ് തുക ലഭിക്കുന്നതല്ല.

17.കരാർ കാലയളവിൽ 30 ദിവസത്തെ മുൻകൂർ നോട്ടീസ് നൽകി കരാർ അവസാനിപ്പിക്കാൻ സൂപ്രണ്ടിന് അധികാരമുണ്ടായിരിക്കുന്നതാണ്.

18.നിയമന ഉത്തരവ് ലഭിച്ച തിയ്യതി മുതൽ വാഹനം ലഭ്യമാകേണ്ടതും, ആവശ്യപ്പെടുന്ന മുറക്ക് വാഹനം എത്തിക്കേണ്ടതുമാണ്.

19.കരാർ കാലയളവിൽ ആവശ്യമായ ഘട്ടങ്ങളിൽ വാഹനം ലഭ്യമാക്കാത്ത സാഹചര്യം ഉണ്ടാകുന്ന പക്ഷം പകരം സംവിധാനം ഏർപെടുത്തുമ്പോൾ ഉണ്ടായേക്കാവുന്ന അധിക ചെലവ് കരാറുകാരനിൽ നിന്നും ഈടാക്കുന്നതായിരിക്കും.

20.നിലവിലുള്ള സർക്കാർ ദർഘാസ് വ്യവസ്ഥകൾ ഈ ദർഘാസിനു ബാധകമായിരിക്കും .ഈ ദർഘാസിലെ ഏതൊരു വ്യവസ്ഥയും മുന്നറിയിപ്പ് കൂടാതെ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം താഴെ ഒപ്പിട്ടിരിക്കുന്ന അധികാരിയിൽ നിക്ഷിപ്തമായിരിക്കും.

21.കരാറിൽ ഉൾപ്പെടുന്ന വാഹനങ്ങളിൽ സൂപ്രണ്ട് നിർദേശിക്കുന്ന ബോർഡുകൾ ഒഴികെ മറ്റ് അലങ്കാരങ്ങളൊന്നും തന്നെ അനുവദിക്കുന്നതല്ല.

22.പ്രവർത്തി ദിവസങ്ങളിലും, അവധി ദിവസങ്ങളിലും സേവനം ആവശ്യമായി വന്നാൽ ലഭ്യമാകേണ്ടതാണ് .

23.നിശ്ചിത മാതൃയിൽ ഉള്ള ട്രിപ്പ് ഷീറ്റ്, വൗച്ചറുകൾ അതാതു മാസം തന്നെ പേയ്മെൻ്റിനായി സമർപ്പിക്കേണ്ടതാണ് .

24.ആവശ്യമായ വാഹനങ്ങളുടെ എണ്ണം നിലവിൽ 5 ആണ് കണക്കാക്കിയിട്ടുള്ളതെങ്കിലും, കൂടുതൽ വാഹനങ്ങൾ ആവശ്യമായി വരുന്ന സാഹചര്യത്തിൽ അംഗീകരിച്ച ടെണ്ടർ നിരക്കിൽ വാഹനങ്ങൾ ഏർപ്പാടാക്കാൻ കരാറുകാരൻ ബാധ്യസ്ഥനാണ്.

25.ആശുപത്രിയിൽ പ്രസവം കഴിഞ്ഞ അമ്മമാരെ വീട്ടിൽ എത്തിക്കുന്നത് ആശുപത്രിയിൽ നിന്നും അറിയിക്കുന്നതിൻ പ്രകാരം നിർദ്ദേശിക്കുന്ന കൗണ്ടറിൽ നിർദ്ദേശിക്കുന്ന സമയത്തു വാഹനം എത്തിക്കേണ്ടതാണ് .

സൂപ്രണ്ട്

സർക്കാർ ജനറൽ ആശുപത്രി, കോഴിക്കോട്

GOVT. GENERAL HOSPITAL * KOZHIKODE - 32 *

Digitally signed by
Sachinbabu K M Dr
Date: 02-11-2026
10:27:27